# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1500 — 03.10.2016 ൽ - മറുപടിക്ക്

## ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.സി. ജോസഫ്<br>,, ഹൈബി ഈഡൻ<br>,, എ.പി. അനിൽ കുമാർ<br>,, തിരുവഞ്ചൂർ രാധാകൃഷ്ണൻ | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി) |
| (എ) ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നുമുതൽ നടപ്പിലാക്കുമെന്ന് വ്യക്തമാക്കുമോ ; | (എ) ഇല്ല. 2017 മാർച്ച് മാസത്തോടുകൂടി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) മുൻഗണനാ വിഭാഗങ്ങളെ കണ്ടെത്തുന്നതിന് നിലവിലുള്ള റാങ്കിംഗ് സമ്പ്രദായം മാറ്റുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ ; | (ബി) താലൂക്ക്തല റാങ്കിംഗ് നടത്തി മുൻഗണനാ പട്ടിക തയ്യാറാക്കിയിരുന്നെങ്കിലും ധാരാളം അപാകതകൾ കണ്ടെത്തിയതിനെ തുടർന്ന് ടി പട്ടിക എല്ലാ താലൂക്കിലും പ്രസിദ്ധീകരിച്ചിരുന്നില്ല. യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി റാങ്കിംഗ് സംസ്ഥാന തലത്തിൽ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനതത്തൊട്ടാകെ അർഹതപ്പെട്ടവർ മുഴുവൻ യോഗ്യതയുടെ മുൻഗണനാ ക്രമത്തിൽ പട്ടികയിൽ ഉൾപ്പെടുവാനാണ് അങ്ങനെ തീരുമാനിച്ചത്. ഇതിനുള്ള നടപടികൾ ഇപ്പോൾ അവസാന ഘട്ടത്തിലാണ്. |
| (സി) താലൂക്ക് തല റാങ്കിംഗ് നടത്തി പ്രസിദ്ധീകരിച്ച മുൻഗണനാ പട്ടിക സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ; | (സി) താലൂക്ക് തല റാങ്കിംഗ് നടത്തി തയ്യാറാക്കിയ മുൻഗണനാ/മുൻഗണനേതര/സ്റ്റേറ്റ് പ്രയോറിറ്റി പട്ടികകൾ തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ താലൂക്കിലും എറണാകുളം ജില്ലയിലെ എറണാകുളം സിറ്റി റേഷനിംഗ് ഓഫീസിലും പ്രസിദ്ധീകരിച്ചിരുന്നു. ഇത് സംബന്ധിച്ച് 1300 ഓളം പരാതികൾ കൊടുങ്ങല്ലൂർ താലൂക്ക് സപ്ലൈ ഓഫീസിലും 300 ഓളം പരാതികൾ എറണാകുളം സിറ്റി റേഷനിംഗ് ഓഫീസിലും ലഭിച്ചിരുന്നു. |
| (ഡി) മുൻഗണനാക്രമത്തിൽ നിന്നും ഒഴിവാക്കപ്പെടുന്ന വിഭാഗങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ? | സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ ആദായ നികുതി ഒടുക്കുന്നവർ, സ്വന്തമായി ഒരേക്കറിനുമേൽ ഭൂമിയുള്ളവർ, സ്വന്തമായി 1000 ചതുരശ്ര അടിയ്ക്ക് മേൽ വിസ്തീർണ്ണമുള്ള വീടോ, ഫ്ളാറ്റോ ഉള്ളവർ, നാല് ചക്ര വാഹനമുള്ളവർ എന്നിവർ മുൻഗണനാ ക്രമത്തിൽ നിന്നും ഒഴിവാക്കപ്പെടും. |

*സെക്ഷൻ ഓഫീസർ*